ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.10.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സമ്പന്നമായ സാംസ്കാരിക പൈതൃകം, ശാസ്ത്രരംഗത്തെ നേട്ടങ്ങൾ, ആധുനിക അടിസ്ഥാനസൗകര്യങ്ങൾ എന്നിവയിലാണ് രാജ്യ പുരോഗതി ശക്തി ആർജിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that India's progress draws strength from rich cultural heritage and scientific achievements.**

2. റിയാദ് വിമാനത്താവള ആക്രമണത്തിൽ പരിക്കേറ്റ ഇന്ത്യൻ പൗരൻ മരിച്ചതായി ഇന്ത്യൻ എംബസി. ആക്രമണത്തെ അപലപിച്ച് ലോകനേതാക്കൾ.

   **The Indian Embassy has confirmed the death of an Indian national who was injured in Riyadh airport attack. World leaders condemned the attack.**

3. സൗദിയിലെ ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ച് വരികയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   **External Affairs Minister S. Jaishankar said that all necessary measures are being taken to ensure the safety of Indians in Saudi Arabia.**

4. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം ഇന്ന് ആരംഭിക്കും. ബജറ്റ് ഉപധനാഭ്യർത്ഥന ചർച്ചയും വോട്ടെടുപ്പും ഈ മാസം 26-ന്.

**The second session of the 16th Kerala Legislative Assembly will begin today. The discussion and voting on the budget supplementary demands for grants will be held on the 26th of this month.**

5. പത്മനാഭപുരത്ത് നിന്നുള്ള വിഗ്രഹ ഘോഷയാത്ര ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തിയതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് കൊടിയേറി.

**The Navaratri celebrations in Thiruvananthapuram commenced with the arrival of the procession carrying idols from Padmanabhapuram at the Sree Padmanabhaswamy Temple.**

6. വെസ്റ്റ് ഇൻഡീസിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് 14 റൺസ് ജയം.

**India defeated West Indies by 14 runs in the third match of the T20 cricket series.**

*************************

## PM –CHENNAI

സമ്പന്നമായ സാംസ്കാരിക പൈതൃകം, ശാസ്ത്രരംഗത്തെ നേട്ടങ്ങൾ, ആധുനിക അടിസ്ഥാനസൗകര്യങ്ങൾ എന്നിവയിലാണ് രാജ്യ പുരോഗതി ശക്തി ആർജിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തമിഴ്നാട്ടിൽ 13,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് ഇന്നലെ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാരുകൾ മാറിയിട്ടും തമിഴ്നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനുമുള്ള പ്രതിബദ്ധതയിൽ മാറ്റമുണ്ടായിട്ടില്ലെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ചെന്നൈ മെട്രോയുടെ രണ്ടാം ഘട്ടവും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

*************************

## SUPREME COURT

സമാധാനപരമായി ഒത്തുചേരുന്നവരെ നിയമവിരുദ്ധമായി തടവിൽ വയ്ക്കുന്നില്ലെന്ന് അധികൃതർ ഉറപ്പാക്കണമെന്ന് സുപ്രീം കോടതി.

ഗതാഗത നിയന്ത്രണങ്ങൾക്ക് അനുസൃതമായി ജനങ്ങളുടെ സുഗമമായ നീക്കം ഉറപ്പാക്കണം. മെട്രോ സേവനങ്ങൾ , ഇന്റർനെറ്റ് എന്നിവ തടസമില്ലാതെ ലഭ്യമാക്കണം എന്നും ഡൽഹിയിലെ ബാരിക്കേഡുകളുടെ വിന്യാസം പുനഃ പരിശോധിക്കണം എന്നും പരമോന്നത കോടതി കേന്ദ്രസർക്കാരിന് നിർദേശം നൽകി. അതെസമയം, കോടതി നിർദ്ദേശങ്ങൾ ലംഘിച്ചെന്നാരോപിച്ച് അധികൃതർക്കെതിരെ കോടതിയലക്ഷ്യ നടപടികൾ ആവശ്യപ്പെട്ടുള്ള ഹർജിയിൽ കേന്ദ്രത്തിന് നോട്ടീസ് അയച്ച സുപ്രീം കോടതി, തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി എല്ലാ വിഭാഗം ജനങ്ങളുടേയും ഭാഗം കേൾക്കുമെന്നും അറിയിച്ചു.

*************************

## RANDHIR JAISWAL (INTRO)

ഇന്ത്യയിൽ സമാധാനപരമായി ഒത്തുചേരാനുള്ള അവകാശം ഭരണഘടന ഉറപ്പുനൽകുന്നതും സ്വതന്ത്ര നീതിന്യായ വ്യവസ്ഥ, സ്വതന്ത്ര മാധ്യമങ്ങൾ എന്നിവയാൽ സംരക്ഷിക്കപ്പെടുന്നതുമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ന്യൂഡൽഹി സംഭവങ്ങളെക്കുറിച്ച് മനുഷ്യാവകാശങ്ങൾക്കായുള്ള ഐക്യരാഷ്ട്രസഭ ഹൈക്കമ്മീഷണർ ഓഫീസിന്റെ പരാമർശങ്ങൾ പക്ഷപാതപരമാണെന്നും ശ്രീ. ജയ്സ്വാൾ പറഞ്ഞു.

(വോയ്സ് - ജയ്സ്വാൾ)

*************************

## PIB TRAIN FACT CHECK

ജന്തർ മന്തർ പ്രതിഷേധങ്ങളിൽ പങ്കെടുക്കാൻ ജനങ്ങൾ ട്രെയിനുകളുടെ മുകളിൽ കയറി ഡൽഹിയിലേക്ക് യാത്ര ചെയ്യുന്നു എന്ന തരത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. തെറ്റായ പ്രചാരണങ്ങളിൽ ജാഗ്രത പാലിക്കണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി.

*************************

## NT. JAISHANKAR – RIYADH EMBASSY

സൗദി അറേബ്യയിലെ റിയാദ് വിമാനത്താവളത്തിലുണ്ടായ ആക്രമണത്തിൽ പരിക്കേറ്റ ഇന്ത്യൻ പൗരൻ മരിച്ചതായി ഇന്ത്യൻ എംബസി. മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കാനുള്ള എല്ലാ സഹായവും നൽകുമെന്നും എംബസി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. അതേസമയം, ആക്രമണത്തെത്തുടർന്ന് ഇന്ത്യൻ പൗരൻമാരുടെ സുരക്ഷ ഉറപ്പാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ച് വരികയാണെന്ന് വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ അറിയിച്ചു. നിലവിലെ സ്ഥിതിഗതികൾ എംബസി വിലയിരുത്തുന്നതായും അദ്ദേഹം പറഞ്ഞു.

*************************

## RIYADH ATTACK

സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദിലെ അന്താരാഷ്ട്ര വിമാനത്താവളത്തിനു നേരെ നടന്ന രണ്ടാമത്തെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. 11 പേർക്ക് പരിക്കേറ്റു. വിമാനത്താവളത്തിനുള്ളിൽ പ്രൊജെക്ടൈൽ വീണ് തീപിടിക്കുകയായിരുന്നു. ആക്രമണങ്ങളുടെ ഉത്തരവാദിത്തം യെമനിലെ ഹൂതികൾ ഏറ്റെടുത്തു. കഴിഞ്ഞ ദിവസം നടന്ന മറ്റൊരാക്രമണത്തിൽ 13 പേർ കൊല്ലപ്പെടുകയും , 308 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

*************************

## SAUDI ATTACK CONDEMNATION

റിയാദ് വിമാനത്താവളത്തിനുനേരെ ഉണ്ടായ ആക്രമണത്തെ ലോകനേതാക്കൾ അപലപിച്ചു. സാധാരണക്കാർക്ക് നേരെയുള്ള ഇത്തരം ആക്രമണങ്ങൾ അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്നും ആക്രമണങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്നും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ആവശ്യപ്പെട്ടു.

യു എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്, യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയൻ, കനേഡിയൻ പ്രധാനമന്ത്രി മാർക്ക്കാർണി, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി എന്നിവർ ആക്രമണത്തെ അപലപിച്ചു. പാകിസ്ഥാൻ, ഖത്തർ, പലസ്റ്റീൻ, ജോർദാൻ, മലേഷ്യ എന്നീ രാജ്യങ്ങൾ സൗദി അറേബ്യയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

************************

## NEPAL-FLASH FLOOD

നേപ്പാളിലുണ്ടായ മിന്നൽ പ്രളയത്തിൽ കാണാതായ ഏകദേശം 50 പേരെ രക്ഷപ്പെടുത്തി. ഇനിയും നിരവധി പേരെ കണ്ടെത്താനുണ്ട്. ഗോർഖ ജില്ലയിൽ ബുധി ഗണ്ഡകി നദിയിലാണ് ഇന്നലെ പുലർച്ചെ മിന്നൽ പ്രളയമുണ്ടായത്. മുപ്പതിലധികം വീടുകളും പാലങ്ങളും ഒഴുകിപ്പോയി. ജലവൈദ്യുത പദ്ധതികൾക്ക് നാശനഷ്ടം സംഭവിച്ചു.

************************

## MEA VESSEL ATTACK

ഹോർമുസ് കടലിടുക്ക് മേഖലയിൽ വാണിജ്യ കപ്പലുകൾക്ക് നേരെ നടന്ന ആക്രമണങ്ങളെ ഇന്ത്യ അപലപിച്ചു. M.T PETRO DOLPHIN എന്ന കപ്പലിന് നേരെ നടന്ന ഡ്രോൺ ആക്രമണത്തിൽ, 11 ഇന്ത്യൻ നാവികരിൽ രണ്ടുപേരെ കാണാതായതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും, ഒമാൻ അധികൃതരുമായും കപ്പൽ മാനേജ്മെന്റ് കമ്പനികളുമായും ഏകോപനം നടത്തുന്നുണ്ടെന്നും മസ്കറ്റിലെ ഇന്ത്യൻ എംബസി വ്യക്തമാക്കി.

************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

*************************

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം ഇന്ന് ആരംഭിക്കും. ഈ മാസം 29 വരെ ഒൻപതു ദിവസങ്ങളിലാണ് സഭ ചേരുന്നത്. കോർട്ട് ഫീസ് ഭേദഗതി ബിൽ, ഹിന്ദുമത ചാരിറ്റബിൽ എൻഡോവ്മെന്റ് ഭേദഗതി ബിൽ എന്നിവ ഇന്ന് അവതരിപ്പിക്കും. മറ്റു ദിവസങ്ങളിലെ നിയമനിർമാണം സംബന്ധിച്ച് ഇന്നു ചേരുന്ന കാര്യോപദേശക സമിതി തീരുമാനം കൈക്കൊള്ളും. ബജറ്റ് ഉപധനാഭ്യർത്ഥന ചർച്ചയും വോട്ടെടുപ്പും ഈ മാസം 26-ന് നടക്കും.

*************************

## CHIEF MINISTER – KSFE

വനിതകൾക്ക് വേണ്ടി കെ.എസ്.എഫ്.ഇ ആവിഷ്കരിച്ച പിങ്ക് ചിട്ടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ ഇന്ന് നിർവഹിക്കും. നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടക്കുന്ന പരിപാടിയിൽ നടപ്പ് സാമ്പത്തിക വർഷത്തെ കെ.എസ്.എഫ്.ഇ ഗ്യാരന്റി കമ്മിഷൻ 110.04 കോടി രൂപയും മുഖ്യമന്ത്രിയ്ക്ക് കൈമാറും.

*************************

## NAVARATHRI – TVM

പത്മനാഭപുരത്ത് നിന്നുള്ള വിഗ്രഹ ഘോഷയാത്ര ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തിയതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് കൊടിയേറി. പദ്മതീർഥക്കുളത്തിലെ ആറാട്ടിനുശേഷം സരസ്വതിദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തി. കുമാരസ്വാമിയെ ആര്യശാല ദേവീക്ഷേത്രത്തിലും

മുന്നൂറ്റിനങ്കയെ ചെന്തിട്ട ദേവീക്ഷേത്രത്തിലുമാണ് പൂജയ്ക്കിരുത്തിയത്. നവരാത്രി പൂജ കഴിഞ്ഞ് ഒരു ദിവസത്തെ നല്ലിരുപ്പിനും ശേഷം ഈ മാസം 23ന് വിഗ്രഹങ്ങളും ഉടവാളും തിരിച്ചെഴുന്നള്ളത്തായി പദ്മനാഭപുരത്തേക്ക് പുറപ്പെടും.

*************************

## PM 25 YEARS – MERA YUVA BHARAT MY BHARAT (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. യുവാക്കളെ രാഷ്ട്രനിർമ്മാണവുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേരാ യുവ ഭാരത് മൈ ഭാരത് എന്ന സംരംഭത്തെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന് . ഒരു റിപ്പോർട്ട്.....

(വോയ്സ്)

## PM 25 YEARS – MERA YUVA BHARAT MY BHARAT (വോയ്സ്)

യുവാക്കൾക്ക് സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ 2023 ഒക്ടോബർ 31-ന് ആരംഭിച്ച പദ്ധതിയാണ് മേരാ യുവ ഭാരത് മൈ ഭാരത്. യുവജന കേന്ദ്രീകൃതമായ ഈ സംരംഭം രാഷ്ട്രനിർമ്മാണത്തിൽ വലിയ പങ്ക് വഹിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിരുന്നു. യുവാക്കളിൽ നേതൃപാടവം, ഉത്തരവാദിത്തബോധം, പൗരബോധം എന്നിവ വളർത്തുക, വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ സജീവ പങ്കാളികളാക്കുക എന്നിവയാണ് 'MY Bharat'-ന്റെ ലക്ഷ്യം. അവസരങ്ങൾ, നേതൃത്വം, രാഷ്ട്രനിർമ്മാണം എന്നിവയുമായി യുവാക്കളെ ബന്ധിപ്പിക്കുന്ന ശക്തമായ വേദികൂടിയാണിത്. ന്യൂസ് ഡസ്ക്, ആകാശവാണി.........

*************************

## CRICKET

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് പുരുഷ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്കു ജയം. ഇന്നലെ ഇൻഡോറിൽ നടന്ന മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ 14 റൺസിന് ഇന്ത്യ പരാജയപ്പെടുത്തി. 224 റൺസ് വിജയലക്ഷ്യം പിന്തുടർന്ന വെസ്റ്റ് ഇൻഡീസിന് നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 209 റൺസ് നേടാനേ സാധിച്ചുള്ളൂ. ഈ വിജയത്തോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലെത്തി. പരമ്പരയിലെ നാലാം മത്സരം മറ്റന്നാൾ ഹൈദരാബാദിൽ നടക്കും.

*************************

## BADMINTON

തുർക്കി ഇൻ്റർനാഷണൽ ചലഞ്ച് ബാഡ്മിൻ്റൺ, വനിതാ സിംഗിൾസ് കിരീടം ഇന്ത്യയുടെ അൻമോൾ ഖാർബിന്. ഫൈനലിൽ ഇന്ത്യയുടെ തന്നെ ആകാർഷി കശ്യപിനെ നേരിട്ടുള്ള ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് അൻമോൾ ഈ നേട്ടം കൈവരിച്ചത്.

*************************

## P K KRISHNADAS – RAILWAY

ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഡി പി ആർ തയ്യാറായതായി BJP ദേശീയ നിർവ്വാഹക സമിതി അംഗം പി കെ കൃഷ്ണദാസ്. ശബരിമല മുന്നൊരുക്കം വിലയിരുത്തുന്നതിന്റെ ഭാഗമായി ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ സന്ദർശിച്ചതിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അടുത്തമാസം മാസം നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻ്റർ പൂർത്തിയാകുമെന്നും അദ്ദേഹം പറഞ്ഞു.

*************************

## DELHI GOVT-DURGA E-AUTO SCHEME

സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സുരക്ഷിതവും സുസ്ഥിരവുമായ സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഡൽഹി സർക്കാർ 'ദുർഗ' എന്ന പേരിൽ ഇ-ഓട്ടോ പദ്ധതിക്ക് തുടക്കമിടുന്നു. ആദ്യ ഘട്ടത്തിൽ 1,300 പിങ്ക് ഇലക്ട്രിക് ഓട്ടോകൾ അനുവദിക്കും.

************************

## RAILWAY

ഇന്ത്യൻ റെയിൽവേയിൽ 3,548 ബിരുദതല തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ചീഫ് കൊമേഴ്സ്യൽ കം ടിക്കറ്റ് സൂപ്പർവൈസർ, ഗുഡ്സ് ട്രെയിൻ മാനേജർ, ജൂനിയർ അക്കൗണ്ട്സ് അസിസ്റ്റന്റ് കം ടൈപ്പിസ്റ്റ്, സീനിയർ ക്ലർക്ക് കം ടൈപ്പിസ്റ്റ് എന്നീ നാല് തസ്തികകളിലേക്കാണ് നിയമനം. അടുത്ത മാസം 6 വരെ അപേക്ഷകൾ സമർപ്പിക്കാം.

************************

## TRUMP - ENERGY CEASEFIRE

ഊർജ്ജ മേഖലയെ ലക്ഷ്യമാക്കിയുള്ള ആക്രമണങ്ങൾ നിർത്തിവെക്കാൻ റഷ്യയും ഉക്രെയ്നും തമ്മിൽ ധാരണയായതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ വിശദാംശങ്ങൾ പുറത്തുവന്നിട്ടില്ല. ട്രംപിന്റെ പ്രഖ്യാപനം എല്ലാവർക്കും ഗുണകരമായ വാർത്തയായി കാണുന്നെന്ന് ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമിർ സെലൻസ്കി പറഞ്ഞു.

***************************************************************
*************